**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 950** **24-02-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഇറിഗേഷൻ കനാലുകൾ വൃത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ കാർഷിക മേഖലയിലെ ജല ദൗർലഭ്യം പരിഹരിക്കുന്നതിനായി കുറ്റ്യാടി ഇറിഗേഷൻ കനാലുകളിലേക്ക് വെള്ളം എന്ന് എത്തിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി ഇറിഗേഷൻ കനാലിലൂടെയുള്ള ജലവിതരണം 2022 ഫെബ്രുവരി 28ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | കനാലുകൾ വൃത്തിയാക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; ഇതിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം ഉപയോഗിക്കാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ; | (ബി) | ജലവിതരണത്തിന് മുമ്പ് കനാലിലെ കാടും ചെളിയും മാറ്റി കനാൽ വൃത്തിയാക്കുന്ന പ്രവൃത്തി വർഷങ്ങളായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിച്ചു വരുന്നത്. ഈ വർഷവും ഇതേ രീതി തുടരുന്നതിനുള്ള സാധ്യത ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് ആരാഞ്ഞുവരികയാണ്. |
| (സി) | യഥാസമയം കനാൽ വൃത്തിയാക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. മുൻ വർഷങ്ങളിൽ ജില്ലാ കളക്ടറുടെ പ്രത്യേക അനുമതിയോടു കൂടി MGNREGS മുഖേനയാണ് കനാൽ ശുചീകരണ പ്രവൃത്തികൾ നടത്തിയിരുന്നത്. പ്രസ്തുത അനുമതി ഈ വർഷം ലഭ്യമാവാതിരുന്നതിനെ തുടർന്ന് 25/01/2022ൽ ജലവിഭവ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാർ ഉൾപ്പെടെ ബന്ധപ്പെട്ടവരുമായി നടത്തിയ യോഗ തീരുമാന പ്രകാരം കനാൽ ശുചീകരണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിന് ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബദൽ സംവിധാനം എന്ന നിലയിൽ കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷനു കീഴിൽ വരുന്ന HR/CLR/SLR ജീവനക്കാരെ ഉപയോഗിച്ച് കനാൽ ശുചീകരണം നടത്തി വരുന്നു. |
| (ഡി) | നിലവിൽ ജലം കൃഷി സ്ഥലത്ത് എത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ | (ഡി) | ഉണ്ട്. മുൻ വർഷങ്ങളിൽ ജില്ലാ കളക്ടറുടെ പ്രത്യേക അനുമതിയോടു കൂടി MGNREGS മുഖേനയാണ് കനാൽ ശുചീകരണ പ്രവൃത്തികൾ നടത്തിയിരുന്നത്. പ്രസ്തുത അനുമതി ഈ വർഷം |

| | | | |
|---|---|---|---|
| | നടപടികൾ ആണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ; | | ലഭ്യമാവാതിരുന്നതിനെ തുടർന്ന് 25/01/2022ൽ ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാർ ഉൾപ്പെടെ ബന്ധപ്പെട്ടവരുമായി നടത്തിയ യോഗ തീരുമാന പ്രകാരം കനാൽ ശുചീകരണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിന് ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബദൽ സംവിധാനം എന്ന നിലയിൽ കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷനു കീഴിൽ വരുന്ന HR/CLR/SLR ജീവനക്കാരെ ഉപയോഗിച്ച് കനാൽ ശുചീകരണം നടത്തി വരുന്നു. |
| (ഇ) | കനാൽ വൃത്തിയാക്കുന്നതിന് സമയക്രമം നിലവിൽ ഉണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ഇ) | ഉണ്ട്. ഡിസംബർ മുതൽ ഫെബ്രുവരി മാസം വരെ കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ ശുചീകരണത്തിന്റെ സമയപരിധി. |

സെക്ഷൻ ഓഫീസർ